നായി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എന്നത്തേയ്ക്ക് നടപ്പിലാക്കും; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഡിവിഷൻ കുറവ്മൂലം അദ്ധ്യാപകർക്ക് തൊഴിൽ നഷ്ടപ്പെടുന്നത് പരിഹരിക്കുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം പരിശോധിച്ചു വരുന്നു.

28 (2406) ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർ

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിവിഷൻ കുറഞ്ഞതുകൊണ്ട് എയ്ഡഡ് സ്കൂളുകളിൽ നിന്നും ജോലി നഷ്ടപ്പെട്ട അദ്ധ്യാപകരുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ ആവശ്യങ്ങൾ എന്തെല്ലാം;

(സി) ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാർത്ഥി-അദ്ധ്യാപകാനുപാതം കുറച്ചാലും പുറത്തുപോയ അദ്ധ്യാപകരെ തിരികെ സർവീസിൽ പ്രവേശിപ്പിക്കുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുട്ടികളുടെ കുറവുമൂലം ഒരു അദ്ധ്യാപകനേയും പിരിച്ചു വിടരുത് എന്നതാണ് പ്രധാന ആവശ്യം. കൂടാതെ എല്ലാ എയിഡഡ് സ്കൂൾ ജീവനക്കാർക്കും പ്രൊട്ടക്ഷൻ നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിച്ചു വരുന്നു.

(ഡി) ഇല്ല.

29 (2407) വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസ്ലീം നാടാർ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ഏതു വർഷം വരെ കൊടുത്തിട്ടുണ്ട്;

(ബി) അതിനു ശേഷം ഈ സ്കോളർഷിപ്പുകൾ കൊടുക്കാതിരിക്കുവാൻ കാരണമെന്ത്;

(സി) ഈയിനത്തിൽ ഇപ്പോൾ എന്തു കുടിശ്ശികയുണ്ട്;

(ഡി) ഈ കുടിശ്ശിക മുഴുവൻ തീർത്തു കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1998-99 വിദ്യാഭ്യാസ വർഷം വരെ മുസ്ലീം-നാടാർ സ്കോളർഷിപ്പ് കൊടുത്തിട്ടുണ്ട്.

(ബി) 1998-99-ന് ശേഷം നടപ്പ് അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. (1999-2000)

(സി) കൃത്യമായ കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(ഡി) കുടിശ്ശിക മുഴുവൻ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

30 (2408) അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകളും പരിശീലനവും നടത്തുന്നതിന് എന്തെല്ലാം പരിപാടികളാണുള്ളത്;

(ബി) ഇതിനുവേണ്ടി 1999-2000-ാം ആണ്ടേക്ക് എത്ര തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു;

(സി) അദ്ധ്യാപകർക്ക് വേണ്ടിയുള്ള റിഫ്രഷർ കോഴ്സും പരിശീലനവും നടത്തുന്നത് ആരാണ്;

(ഡി) ഇതിന് അവർക്ക് കിട്ടിയിട്ടുള്ള പ്രത്യേക വിദ്യാഭ്യാസ യോഗ്യതയും പരിശീലനവും എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് സംസ്ഥാനതലത്തിൽ എസ്.സി.ഇ.ആർ.റ്റി.യും ജില്ലാ തലത്തിൽ ഡയറ്റുകളും പ്രവർത്തിക്കുന്നു. ഹൈസ്കൂൾ തലത്തിലുള്ള അദ്ധ്യാപകർക്ക് കൃു.ഐ.പി. പരിശീലനവും നൽകുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) അദ്ധ്യാപകർക്കുവേണ്ടിയുള്ള റിഫ്രഷർ കോഴ്സിന്റെ സംസ്ഥാനതല ചുമതല എസ്.സി.ഇ.ആർ.റ്റി.ക്കും ജില്ലാതല ചുമതല ഡയറ്റുകൾക്കുമാണ്.

(ഡി) ഫാക്കൽറ്റി അംഗങ്ങൾ ബന്ധട്ടെ വിഷയത്തിലുള്ള ബിരുദാനന്തര ബിരുദവും എം.എഡും ഉള്ളവരാണ്. ഇവർക്ക് എൻ.സി.ഇ.ആർ.ടി., എൻ. ഐ.ഇ.പി.എ. എന്നീ ദേശീയ സ്ഥാപനങ്ങൾ വഴി പരിശീലനവും നൽകുന്നുണ്ട്.

31 (2409) പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ. ടി.എം. ജേക്കബ് :

LIBRARY ARCHIVES Kerala Legislative Assembly